കാണുകയെന്നുള്ളതാണ്. അതായത്, രണ്ടാം വർഷത്തെ കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥികളെമാത്രം മൂന്നാം വർഷത്തേയ്ക്ക് മാറ്റുകയെന്നുള്ളതാണ് രണ്ടു യൂണിവേഴ്സിറ്റികളും സ്വീകരിച്ചിരിക്കുന്ന നിലപാട്. എന്നാൽ കേരള യൂണിവേഴ്സിറ്റി സ്വീകരിച്ചിരിക്കുന്നത്, രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിദ്യാർത്ഥികളെയും മൂന്നാം വർഷത്തേയ്ക്ക് പ്രവേശിപ്പിക്കണമെന്നാണ്. മൂന്നു യൂണിവേഴ്സിറ്റികളിലും വ്യത്യസ്തമായ തീരുമാനമാണ് വന്നിരിക്കുന്നത്. ഇതിനകത്ത് ഗവൺമെൻറിന് നേരിട്ട് ഒന്നും ചെയ്യാൻ കഴിയുകയില്ലെങ്കിലും മൂന്നു യൂണിവേഴ്സിറ്റികളിലെയും വൈസ് ചാൻസലർമാരുമായി ഇതിനെക്കുറിച്ച് സംസാരിച്ച് മൂന്നു യൂണിവേഴ്സിറ്റികൾക്കും കൂടി ഒരു ഏകീകൃത സ്വഭാവമുണ്ടാക്കേണ്ട താവശ്യമാണെന്നാണ് ഗവൺമെൻറ് കരുതുന്നത്. അങ്ങനെയുള്ള ഒരു സമീപനം സ്വീകരിച്ചുകൊണ്ട് ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(4) ചെമ്പേരി, കുടിയാൻമല റോഡിലെ മണ്ണംകുണ്ടുപാലം

ശ്രീ. കെ.സി. ജോസഫ്: സർ, എൻെറ നിയോജകമണ്ഡലത്തിൽപെട്ട ചെമ്പന്തൊട്ടി-നടുവിൽ റോഡിലെ മണ്ണംകുണ്ടു പാലത്തിൻെറ പണിക്ക് സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകി, ബഡ്ജറ്റിൽ 7 ലക്ഷം രൂപ വകകൊള്ളിച്ചു. പക്ഷേ സാമ്പത്തിക പരിമിതി പറഞ്ഞുകൊണ്ട് ആ വർക്ക് ടെൻഡർ ചെയ്യാൻ അനുമതി കൊടുക്കുന്നില്ല. അതുപോലെതന്നെ ശ്രീകണ്ഠപുരം ചെമ്പന്തൊട്ടി-നടുവിൽ റോഡിൻെറ രണ്ടാം റീച്ചു പണിയ്ക്കും ഭരണാനുമതിയും സാങ്കേതികാനുമതിയും കൊടുത്തു. ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അതിനും വർക്ക് ടെൻഡർ ചെയ്യാൻ അനുമതി കൊടുക്കുന്നില്ല. അതുപോലെ, മാട്ടറ-കാലാങ്കി റോഡിൻെറ പണിയും, അതിൻെറയും ഭരണാനുമതി കൊടുത്തതാണ്. പക്ഷേ വർക്ക് ടെൻഡർ ചെയ്യുന്നില്ല. ഇത്തരത്തിൽ മിച്ച ബഡ്ജറ്റ് അവതരിപ്പിച്ച കാലഘട്ടത്തിലെങ്കിലും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള വർക്കുകൾക്കെങ്കിലും സാമ്പത്തിക പരിമിതി എന്ന് പറഞ്ഞ് അനുമതി നല്കാത്ത നയം സ്വീകരിക്കാതെ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രി ഇടപെട്ട് ആ വർക്ക് ടെൻഡർ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ള ആ വർക്കുകൾക്ക് അടിയന്തിരമായി അനുവാദം നൽകുന്നകാര്യം പരിശോധിക്കുന്നുണ്ട്. മറ്റു രണ്ട് വർക്കുകൾ പ്രയോറിറ്റി ലിസ്റ്റിൽപ്പെടുത്തി ഈ കൊല്ലംതന്നെ നടത്തുവാൻ സാധിക്കുമോ എന്ന് പരിശോധിക്കാവുന്നതാണ്. പ്രയോറിറ്റി ലിസ്റ്റിൽപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നതാണ്.

(5) പനത്തുറയിലെ കടലാക്രമണം

ശ്രീ. എൻ. ശക്തൻ നാടാർ: സർ, പനത്തുറ രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്ന ഒരു സ്ഥലമാണ്. അവിടെ ഒരു പാലവും, കടൽഭിത്തിയും നിർമ്മിക്കണമെന്ന ആവശ്യം ദീർഘകാലമായി അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly